പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.437 | 27.09.2011ൽ മറുപടിയ്ക്ക് |

സ്ത്രീകളുടെയും കുട്ടികളുടേയും സുരക്ഷയ്ക്കായി നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| എ.പി.അബ്ദുള്ളക്കുട്ടി | | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| സംസ്ഥാനത്ത് വനിതകൾക്കും കുട്ടികൾക്കും നേരെ അതിക്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| സ്ത്രീകളുടെയും കുട്ടികളുടേയും സുരക്ഷയ്ക്കായി സാമൂഹ്യക്ഷേമ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) | ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം, 2005-ന്റെ ഭാഗമായി ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി ആവശ്യമായ തുടർനടപടികൾ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർ സ്വീകരിച്ചുവരുന്നുണ്ട്. ടി നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിന് സർവ്വീസ് പ്രൊവൈഡർമാരുടെ സേവനവും ഉപയോഗിക്കുന്നുണ്ട്. എല്ലാ ഷെൽട്ടർ ഹോമുകളിലും, സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിലും സൗജന്യ നിയമ സഹായവും വൈദ്യസഹായവും ലഭ്യമാക്കിയിട്ടുണ്ട്.<br>കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗ് ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ 500 സ്കൂളുകളിൽ സൈക്കോ സോഷ്യൽ സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ